# കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


No:1848/Con(T)/2022/KSERC

തീയതി 19 .08 .2022

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ കമ്മീഷൻ പുറപ്പെടുവിച്ച 25.6.2022ലെ (ഓ പി 11/2022) ഉത്തരവിലെ 110/ 66 കെ വി ഇൻഡസ്ട്രിയൽ താരിഫ് പുന പരിശോധിക്കണമെന്നുള്ള അപേക്ഷ HT & EHT അസോസിയേഷനും, 110 കെവി ഇൻഡസ്ട്രിയൽ താരിഫ് പുനഃ പരിശോധിക്കണമെന്നുള്ള അപേക്ഷ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡും കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രസ്തുത ഉത്തരവിലെ കണ്ണൻ ദേവൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിച്ച ബൾക്ക് സപ്ലൈ താരിഫ് പുനഃപരിശോധിക്കണം എന്നുള്ള അപേക്ഷ കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻസ് ലിമിറ്റഡും കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട് പ്രസ്തുത അപേക്ഷകൾ യഥാക്രമം R P N o 3/ 20 22, R P N o 4 / 20 22,R P N o 5 / 20 22 ആയി കമ്മീഷൻ സ്വീ ക രി ച്ചി ട്ടു ണ്ട് . അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഈ അപേക്ഷകൾ സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം , ഒരു പൊതു തെളിവെടുപ്പ് കമ്മീഷൻ 26.8.2022ൽ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് നടത്തുന്നതാണ് പ്രസ്തുത പൊതു തെളിവെടുപ്പിൽ പൊതുജനങ്ങൾക്കും മറ്റു താൽപര്യമുള്ള കക്ഷികൾക്കും പങ്കെടുക്കാവുന്നതും നേരിട്ട് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതും ആണ്

കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് ടി പെറ്റീഷന്മേൽ അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ ഇ-മെയിൽ (kserc@erckerala.org) മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപി ള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 26.08.2022, 05:00 PMന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി